LIBRARY ARCHIVES Kerala Legislative Assembly

ഭക്ഷ്യവിളകളുടെ കൃഷി ലാഭകരമാക്കാൻ നടപടി

312 [1241] *ശ്രീ. സി. ടി അഹമ്മദ് അലി:*
,, *പി. കെ. കെ. ബാവ:*
,, *സി. മോയിൻകുട്ടി:*
,, *സി. മമ്മൂട്ടി:*
,, *കളത്തിൽ അബ്ദുള്ള:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യവിളകളുടെ കൃഷി ലാഭകരമാക്കാൻ കൂടുതൽ സ്ഥലത്ത് കൃഷി വ്യാപിപ്പിക്കുന്നതിനായി കൃഷിവകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഇതിന്റെ ഫലമായി നെൽക്കൃഷി ലാഭകരമായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ ഇനിയും എന്തെല്ലാം നടപടികളാണ് ഇക്കാര്യത്തിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരളത്തിന്റെ പ്രധാന ഭക്ഷ്യവിളയായ നെല്ലിന്റെ കൃഷി ലാഭകരമാക്കുവാനും നെൽകൃഷിയുടെ ഉൽപ്പാദനം, വിസ്തൃതി, ഉൽപ്പാദനക്ഷമത എന്നിവ വർദ്ധിപ്പിക്കുവാനും കൃഷിവകുപ്പ് വിവിധ നെൽകൃഷി വികസന പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കിവരുന്നു. നടപ്പുസാമ്പത്തികവർഷം സംസ്ഥാനത്ത് 10000 ഹെക്ടർ തരിശുഭൂമിയിൽ നെൽക്കൃഷി ചെയ്യുന്നതിന് ഒരു പദ്ധതികൂടി നടപ്പിലാക്കുന്നതാണ്. ഇതിനും പുറമെ കേന്ദ്രാവിഷ്കൃത നെൽക്കൃഷി വികസനത്തിന്റെ ഭാഗമായി കേരളത്തിൽ 'സിസ്റ്റം ഓഫ് റൈസ് ഇന്റൻസിഫിക്കേഷൻ' എന്ന നൂതനരീതിയിലുള്ള നെൽക്കൃഷിയും പരീക്ഷിക്കുന്നതാണ്. ഇത് കുറഞ്ഞ തോതിൽ മാത്രം വിത്തും ജലസേചനവും ആവശ്യമുള്ള ഒരു കൃഷിരീതിയാണ്. 11 നെൽക്കൃഷിവികസന ഏജൻസികൾക്ക് അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ ധനസഹായം നൽകുന്നു. പച്ചക്കറി, പഴവർഗ്ഗങ്ങൾ എന്നിവയുടെ കൃഷി ലാഭകരമാക്കുന്നതിനും വിവിധ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. കർഷകർക്ക് സബ്സിഡി നിരക്കിൽ വിത്തും മറ്റു നടീൽവസ്തുക്കൾ എന്നിവ ലഭ്യമാക്കുകയും, ജൈവവളം, ജൈവകീടനാശിനി എന്നിവ വാങ്ങുന്നതിനും കമ്പോസ്റ്റ് നിർമ്മാണം, ജലസേചനസൗകര്യങ്ങൾ എന്നിവയ്ക്ക് ധനസഹായം നൽകുകയും ചെയ്യുന്നുണ്ട്. മാങ്ങ, പപ്പായ, പേര, മാതളം എന്നീ വിളകൾ ഉൾപ്പെടുത്തി 65 ഹെക്ടർ സ്ഥലത്ത് പഴവർഗ്ഗ കൃഷിവികസനത്തിന് 4 ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി. ഈ സാമ്പത്തികവർഷം നാഷണൽ ഹോർട്ടികൾച്ചർ മിഷനിൽ ഉൾപ്പെടുത്തി 60 ഹെക്ടർ സ്ഥലത്ത് പച്ചക്കറി

വിത്തുൽപ്പാദനത്തിനും വിത്തുസംഭരണ സൗകര്യങ്ങൾക്കുള്ള പദ്ധതിക്കും പഴവർഗ്ഗങ്ങളായ മാങ്ങ, ചക്ക, വാഴ, കൈതച്ചക്ക, പുളിമാതളം, പപ്പായ, പേര എന്നിവയുടെ വികസനത്തിനായും പദ്ധതി തയ്യാറാക്കിവരുന്നു.

(ബി) കൃഷിവകുപ്പ് നടപ്പിലാക്കിവരുന്ന നെൽക്കൃഷി വികസനപദ്ധതികളുടെ പ്രധാനഘടകമായ ഗ്രൂപ്പ് അടിസ്ഥാനത്തിലുള്ള നെൽക്കൃഷിയുടെ ഉൽപാദന ചെലവ് കുറച്ച് കർഷകർക്കു നെൽക്കൃഷി ലാഭകരമാക്കുക എന്നതാണ്. ഗ്രൂപ്പടിസ്ഥാനത്തിൽ കൃഷിചെയ്യുന്നതുവഴി കൂട്ടായ ഞാറ്റടി തയ്യാറാക്കൽ, അത്യുൽപ്പാദനശേഷിയുള്ള നെൽവിത്ത് വിതരണം ചെയ്യൽ, യന്ത്രവൽകൃത നടീൽ, കൊയ്ത്ത്, സംയോജിത വളപ്രയോഗം, സംയോജിതകീടനിയന്ത്രണം എന്നിവ പ്രാവർത്തികമാക്കുന്നതുവഴി കൃഷിച്ചെലവു കുറയ്ക്കുന്നതിനും കർഷകന്റെ അറ്റാദായം വർദ്ധിപ്പിക്കുന്നതിനും കഴിയുന്നതാണ്. നെൽക്കൃഷി വികസന പദ്ധതിയുടെ ഭാഗമായി പാടശേഖരങ്ങളുടെ അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തുന്നതുവഴി ജലസേചന സൗകര്യം മെച്ചപ്പെടുത്തി, നെൽക്കൃഷി സുഗമമാക്കുവാൻ കഴിയുന്നു.

(സി) ചോദ്യം ഉദിക്കുന്നില്ല.

(1242-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം ലഭ്യമായിട്ടില്ല).

നെൽവയൽ നികത്തലിനെതിരെ ബോധവൽക്കരണം

313 [1243] *ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ* :താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽവയൽ നികത്തുന്നതുമൂലം നെല്ല് ഉൽപ്പാദനം കുറഞ്ഞു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേരള സംസ്ഥാന രൂപീകരണവർഷം കേരളത്തിൽ എത്ര ഹെക്ടർ നെൽവയലുകൾ ഉണ്ടായിരുന്നു; 2005 ആയപ്പോഴേയ്ക്കും എത്ര ഹെക്ടർ നെൽവയലാണ് ശേഷിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ;

(സി) നെൽവയൽ മണ്ണിട്ട് നികത്തുന്നതിനെതിരെ സർക്കാർ എന്തെല്ലാം ബോധവൽക്കരണ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് നെൽവയലുകൾ മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതു മൂലം നെൽകൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതി കുറയുന്നതും തദ്വാരാ ഉൽപ്പാദനം കുറഞ്ഞുവരുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കേരള സംസ്ഥാന രൂപീകരണവർഷം സംസ്ഥാനത്ത് 7.26 ലക്ഷം ഹെക്ടർ സ്ഥലത്ത് നെൽകൃഷി ഉണ്ടായിരുന്നു. 2004-ൽ ഇത് 2.87 ഹെക്ടർ ആയി ചുരുങ്ങിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly